പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1113 05/03/2020 ൽ മറുപടിയ്ക്ക്

## അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്കെതിരെ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി. ജോർജ് | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) തോപ്പുംപടി അരൂജാ സ്കൂളിലെ വിദ്യാർത്ഥികൾക്ക് 10-ാം ക്ലാസ് സി.ബി.എസ്.സി. പരീക്ഷ എഴുതാൻ സാധിക്കാത്ത സാഹചര്യത്തിൽ സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് സി.ബി.എസ്.ഇ സിലബസിലും സ്റ്റേറ്റ് സിലബസിലും അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ അടച്ചു പൂട്ടുന്നതിനുള്ള അടച്ചുപൂട്ടൽ നോട്ടീസ് നൽകുന്നതു ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കുകയുണ്ടായി. അടച്ചുപൂട്ടൽ നോട്ടീസ് ലഭിച്ച സ്കൂൾ അധികൃതർ ബഹു.ഹൈക്കോടതിയെ സമീപിക്കുകയും ബഹു.കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അടച്ചുപൂട്ടൽ നടപടി താൽക്കാലികമായി നിർത്തി വയ്ക്കുകയും ഇത്തരം സ്കൂളുകൾക്ക് അംഗീകാരം ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുവാൻ 01.03.2019 ലെ ജി.ഒ(എം.,എസ്)നം. 22/2019/പൊ.വി.വ പ്രകാരം സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ സിലബസുള്ള സ്കൂളുകൾക്കും 22.05.2019 ലെ ജി.ഒ(എം.,എസ്)നം. 45/2019/പൊ.വി.വ പ്രകാരം സ്റ്റേറ്റ് സിലബസുള്ള സ്കൂളുകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. അതിൻപ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം ലഭിച്ചിട്ടുള്ള പ്രൊപ്പോസലുകൾ പരിശോധിച്ച് സർക്കാർ തലത്തിൽ അംഗീകാരം/എൻ.ഒ.സി നൽകുകയും ചെയ്തു വരുന്നു. ഈ നടപടി പൂർത്തീകരിക്കുന്നതോടൊപ്പം അംഗീകാരം ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാതെയോ അംഗീകാരം ലഭിക്കാതെയൊ ഇനിയും അനധികൃതമായി പ്രവർത്തിക്കുന്ന സ്കൂളുകൾ ഉണ്ടെങ്കിൽ അവ അടച്ചുപൂട്ടുന്നതിനുള്ള നടപടികളെക്കുറിച്ചാലോചിക്കുന്നതാണ്. |

| | | |
|---|---|---|
| ബി) | 2018-ൽ സർക്കാർ പൂട്ടാൻ നിർദ്ദേശിച്ച ടി സ്കൂൾ 2020-ലും തുടർന്ന് പ്രവർത്തിക്കുന്നതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെയും, സ്കൂൾ അനധികൃതമായി പ്രവർത്തിപ്പിച്ചുവന്നവർക്കെതിരെയും കർശന നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) എറണാകുളം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ കീഴിൽ വരുന്ന കൊച്ചി മൂലങ്കുഴി അരൂജാസ് ലിറ്റിൽ സ്റ്റാർസ് സ്കൂൾ അനധികൃതമായി പ്രവർത്തിക്കുന്ന സ്കൂളാണ്. പ്രസ്തുത സ്കൂളിലെ വിദ്യാർത്ഥികൾക്ക് 10-ാം ക്ലാസ് സി.ബി.എസ്.ഇ പരീക്ഷ എഴുതാൻ സാധിക്കാത്ത വിവരം ലഭിക്കുന്നതിന് മുമ്പ് തന്നെ 20.02.2020 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എൻ.എസ്.2/ 76423/16/ഡി.ജി.ഇ നമ്പർ കത്ത് പ്രകാരം അനധികൃതമായി പ്രവർത്തിക്കുന്ന കൊച്ചി മൂലങ്കുഴി അരൂജാസ് ലിറ്റിൽ സ്റ്റാർസ് സ്കൂൾ അടച്ചുപൂട്ടുന്നതിനും നിലവിലുള്ള കുട്ടികളെ 2020-21 അദ്ധ്യയന വർഷം മുതൽ സൗകര്യപ്രദമായിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ്/അംഗീകൃത സ്വകാര്യ സ്കൂളിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ എറണാകുളം വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. |

സെക്ഷൻ ഓഫീസർ